## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** **27-07-2021 - ൽ മറുപടിയ്ക്ക്**

## തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണത്തിനായി 2016 - 2021 കാലയളവിൽ റോഡ് ട്രാൻസ്പോർട്ട് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ ബസ് സ്റ്റേഷനിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായി മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി M/s. INKEL Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി കിഫ്ബി മുഖാന്തിരം പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണ മെന്ന് മുൻ കൃഷി വകുപ്പ് മന്ത്രിയും തൃശ്ശൂർ എം.എൽ.എയുമായിരുന്ന ശ്രീ. V.S. സുനിൽകുമാർ ആവശ്യപ്പെട്ടിരുന്നെങ്കിലും, തൃശ്ശൂർ ബസ് സ്റ്റേഷന്റെ സമഗ്ര വികസനം സംബന്ധിച്ചുള്ള പദ്ധതി കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ധനസഹായത്തിനായി പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. M/s. INKEL Ltd മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും സമർപ്പിക്കുന്നതിന് KSRTC Project Management Consultant ആയി നിയമിച്ചിട്ടുള്ള M/s. Hindustan Prefab Ltd. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ബസ് സ്റ്റാൻഡ് നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ ? | (ബി) | ഉണ്ട്. M/s. Hindustan Prefab Ltd., മാസ്റ്റർ പ്ലാനും, DPR ഉം സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കുന്നതിന് വീണ്ടും ശ്രമിക്കുന്നതാണ്. അല്ലാത്തപക്ഷം എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും ആലോചിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ